(സി) നിലവിൽ അരൂർ പോലീസ് സ്റ്റേഷൻ ചന്തിരൂരിലേക്ക് മാറ്റിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് അസോസിയേഷൻ നിർമ്മിച്ചു നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള പ്രസ്തുത ഫയർ സ്റ്റേഷന് ഫർണിച്ചർ, വാഹനങ്ങൾ, സ്റ്റാഫ് മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷൻ ഫയർ സ്റ്റേഷൻ നിർമ്മിച്ച് നൽകുകയാണെങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷന്, വാഹനങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ്, മറ്റു സൗകര്യങ്ങൾ എന്നിവ അനുവദിച്ചു നൽകുന്നതാണ്.

ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സാന്ത്വന പരിചരണം

112(5701) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സമൂഹത്തിലെ പരിചരണം ആവശ്യമായി വരുന്നവർക്ക് സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) ഉൾപ്പെടെയുള്ള മേഖലകളിൽ ഇടപെടുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) സമൂഹത്തെ ബാധിക്കുന്ന മദ്യ-മയക്കുമരുന്നുപയോഗത്തിനെതിരെ ബോധവൽക്കരണമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ജനമൈത്രി പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനമൈത്രി കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ജനമൈത്രി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെ.എ.പി. നാലാം ബറ്റാലിയൻ, കെ.എ.പി. രണ്ടാം ബറ്റാലിയൻ, മലബാർ സ്പെഷ്യൽ പോലീസ് എന്നിവിടങ്ങളിൽ വളരെ സജീവമായി പാലിയേറ്റീവ് കെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

(സി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ബോധവത്ക്കരണ സെമിനാറുകൾ, ലഘുനാടകങ്ങൾ, ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകളുടെ പ്രദർശനം എന്നിവ നടത്തുകയും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. മദ്യ-മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിശീലനങ്ങൾ നൽകിവരുന്നു. വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാനായി പാംപ്ലെറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

സൂപ്പർന്യൂമററി മിനിസ്റ്റീരിയൽ ജീവനക്കാർ

113(5702) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന ലിസ്റ്റിൽ നിന്നും ഈ സർക്കാർ സൂപ്പർന്യൂമററി വിഭാഗത്തിൽപ്പെടുത്തി പോലിസിൽ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിച്ചിരുന്നു ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുത്തി മേൽ ജീവനക്കാർക്ക് നിയമനം നൽകിയിത് എന്നാണ് ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനുള്ള തസ്തികകൾ സൃഷ്ടിച്ചു നൽകാത്തതിനാൽ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 357 പേർ.

(ബി) 20-11-2012-ലെ സ.ഉ.(കൈ) നമ്പർ 292/2012/ആഭ്യന്തരം

19-2-2013-ലെ സ.ഉ.(കൈ) നമ്പർ 44/2013/ആഭ്യന്തരം

7-3-2013-ലെ സ.ഉ.(കൈ) നമ്പർ 61/2013/ആഭ്യന്തരം

LIBRARY ARCHIVES Kerala Legislative Assembly